**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5343**

**01.07.2019 - ലെ മറുപടിയ്ക്ക്**

ട്രഷറി പണമിടപാടിനുള്ള സാങ്കേതിക തടസ്സങ്ങൾക്ക് പരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സാങ്കേതിക തടസ്സങ്ങൾ കാരണം ട്രഷറികളിലെ വ്യക്തിഗത അക്കൗണ്ടുകളിൽ നിന്നും പണമെടുക്കാനാകാതെ വരുന്നത് പരിശോധിക്കുമോ; | സാങ്കേതിക തടസ്സങ്ങൾ മൂലം ട്രഷറിയിടപാടുകൾ മുടങ്ങാതിരിക്കുന്നതിനുള്ള പരമാവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും ട്രഷറിയുടെ നിയന്ത്രണത്തിന് പുറത്തുള്ള കാരണങ്ങളാൽ (വൈദ്യുതിമുടക്കം, BSNL നെറ്റ് വർക്കിലുണ്ടാകുന്ന തകരാറ്) വളരെ അപൂർവമായി തടസ്സം നേരിടാറുണ്ട്. ഇങ്ങനെ ആയാലും ട്രഷറികളുടെ പ്രവർത്തനം അടിയന്തിരമായി പുനസ്ഥാപിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നതാണ്. |
| (ബി) | ഇന്റർനെറ്റിന്റെ വേഗതക്കുറവും സെർവറിന്റെ ശേഷിക്കുറവും സാങ്കേതിക സംവിധാനത്തിന്റെ പാളിച്ചകളുമാണ് ഇത്തരത്തിൽ സംഭവിക്കുവാൻ കാരണമാകുന്നതെന്ന കാര്യം പരിശോധിക്കുമോ; | Network - ന്റെ വേഗതക്കുറവല്ല ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണം.<br>വർദ്ധിച്ചു വരുന്ന ഇടപാടുകളുടെ എണ്ണത്തിനനുസരിച്ച് Central Server -ന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (സി) | നിലവിൽ ട്രഷറികളിൽ നടപ്പിലാക്കിയിട്ടുള്ള സോഫ്റ്റ് . വെയർ പൂർണ്ണതോതിൽ ഉപയോഗിക്കുവാൻ കഴിയുന്നില്ലെന്നകാര്യം പരിശോധിക്കുമോ; | എല്ലാ ട്രഷറിയിടപാടുകളും ഓൺലൈനായിട്ടാണ് നടന്നുവരുന്നത്. അത് നിർവ്വഹിക്കുന്നതിനു വേണ്ടി വികസിപ്പിച്ചെടുത്തിട്ടുള്ള Software എല്ലാ ട്രഷറിയിടപാടുകളും നടത്തുന്നതിന് നിലവിൽ പര്യാപ്തമാണ്. |
| (ഡി) | സബ് ട്രഷറികളിൽ നിന്നും ജില്ല ട്രഷറികളിൽ നിന്നും സോഫ്റ്റ് വെയർ സംബന്ധിച്ച് ലഭിച്ച പരാതികളെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇത് പരിഹരിക്കുവാൻ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ | ട്രഷറികളിൽ നിന്ന് software സംബന്ധിച്ച് ലഭിക്കുന്ന നിർദ്ദേശങ്ങളും പരാതികളും ട്രഷറി ഡയറക്ടറേറ്റിൽ നിന്ന് software വികസിപ്പിക്കുന്ന National Informatics Centre-നെ അറിയിച്ച് പരിഹരിക്കുന്നതാണ് നിലവിലുള്ള രീതി ഇത്തരത്തിൽ പരിഹരിക്കാത്തതായ പരാതികളൊന്നും ധനകാര്യ വകുപ്പിന്റെ പരിശോധനയിലില്ല |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**